# കേരളസർവകലാശാല

നം.പി.ആർ.46/2021

# പത്രക്കുറിപ്പ്

## ഫെബ്രുവരി 25 ലെ സ്പെഷ്യൽ എക്സാമിനേഷൻ മാറ്റിവച്ചു

കേരളസർവകലാശാല ഫെബ്രുവരി 25 ന് നടത്താനിരുന്ന എം.എ./എം.എസ്.സി./എം.കോം. നാലാം സെമസ്റ്റർ സ്പെഷ്യൽ എക്സാമിനേഷൻ, ജനുവരി 2021 പരീക്ഷകൾ മാറ്റിവച്ചു.

## പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല ഫെബ്രുവരി 25 ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.ആർക്ക്. സപ്ലിമെന്ററി (2013 സ്കീം) Sustainable Development ന്റെ പരീക്ഷ മാർച്ച് 24 ലേക്കും ഫെബ്രുവരി 24 ന് നടത്താനിരുന്ന നാലാം സെമസ്റ്റർ ബി.ആർക്ക്. സപ്ലിമെന്ററി (2013 സ്കീം) Landscape Architecture ന്റെ പരീക്ഷ മാർച്ച് 25 ലേക്കും മൂന്നാം സെമസ്റ്റർ ബി.ആർക്ക്. സപ്ലിമെന്ററി (2008 സ്കീം) Structural Mechanics – II ന്റെ പരീക്ഷ മാർച്ച് 15 ലേക്കും മാറ്റിവച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രങ്ങളിലോ സമയത്തിലെ മാറ്റം ഉണ്ടായിരിക്കുന്നതല്ല.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം വഴി ഫെബ്രുവരി 24 ന് നടത്താനിരുന്ന നാലാം സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം. (എസ്.ഡി.ഇ. – 2018 അഡ്മിഷൻ റെഗുലർ ആന്റ് 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 9 ലേക്ക് മാറ്റിവച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല. ആന്വൽ സ്കീം സപ്ലിമെന്ററി, മേഴ്സിചാൻസ് പരീക്ഷകൾ മാറ്റമില്ലാതെ നടക്കുന്നതാണ്.

## ടൈംടേബിൾ

കേരളസർവകലാശാല നടത്തുന്ന ബി.എ./ബി.എസ്.സി. ആന്വൽ പാർട്ട് ഒന്ന്, പാർട്ട് രണ്ട് (കമ്പൈൻഡ് സെഷൻസ് ഏപ്രിൽ 2020 ആന്റ് സെപ്റ്റംബർ 2020) പരീക്ഷകൾ മാർച്ച് 2 മുതൽ ആരംഭിക്കുന്നതാണ്. ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്. പരീക്ഷാകേന്ദ്രങ്ങളിലെ മാറ്റം പിന്നാലെ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

## മറ്റു ജില്ലകളിൽ പരീക്ഷാകേന്ദ്രം ഇല്ല

കേരളസർവകലാശാല മുൻപ് നടത്തിയ പരീക്ഷകൾക്ക് (സി.ബി.സി.എസ്./സി.ആർ.) അനുവദിച്ചിരുന്ന സബ്സെന്ററുകൾ, മറ്റു ജില്ലാകേന്ദ്രങ്ങൾ ഇവ തുടർന്ന് നടത്തുന്ന പരീക്ഷകൾക്ക് അനുവദിക്കുന്നതല്ല.

## സി.ഇ. മാർക്ക് അപ്‌ലോഡ് ചെയ്യാം

കേരളസർവകലാശാല നടത്തുന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം ബി.എ./ബി.എസ്.സി./ബി.കോം. ഡിഗ്രി പരീക്ഷകളുടെ ഫെബ്രുവരി 2021 (2018 അഡ്മിഷൻ റെഗുലർ, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ സി.ഇ. മാർക്ക് മാർച്ച് 23 വരെ കോളേജുകളിൽ നിന്ന് അപ്‌ലോഡ് ചെയ്യാവുന്നതാണ്.

## യൂണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പ് 2019 – 2020 അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല 2019 – 20 വർഷത്തെ യൂണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. സർവകലാശാലയുടെ വിവിധ ഡിപ്പാർട്ട്മെന്റുകളിലും അഫിലിയേറ്റഡ് കോളേജുകളിലും (ഓട്ടോണമസ് കോളേജുകൾ ഒഴികെ), യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജ്, കാര്യവട്ടം 2019 – 2020 വർഷം വിവിധ ബിരുദ ബിരുദാനന്തരബിരുദ കോഴ്സുകൾക്കും (ബി.എ./ബി.എസ്.സി./ബി.കോം./ബി.ബി.എ./ബി.സി.എ./ബി.എഡ്./ബി.ടെക്./എൽ.എൽ.ബി./എം.എ./എം.എസ്.സി./എം.കോം./എം.എസ്.ഡബ്ല്യൂ./എം.സി.ജെ./എം.ബി.എ./എം.എഡ്./എൽ.എൽ.എം./എം.എ–ജർമൻ/എം.എ.–റഷ്യൻ/എം.ടെക്.) പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. കോളേജ്/ഡിപ്പാർട്ട്മെന്റ് മേധാവി വഴി നിശ്ചിത ഫോമിലുള്ള അപേക്ഷയും യോഗ്യതാ പരീക്ഷയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ലഭിക്കേണ്ട അവസാന തീയതി മാർച്ച് 31. വിശദവിവരങ്ങൾക്ക് (അപേക്ഷാഫോം, യൂണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പിനുള്ള നിയമാവലി) സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.

## പരീക്ഷാഫീസ്

കേരളസർവകലാശാല മാർച്ച് 30 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. കരിയർ റിലേറ്റഡ് ബി.എ./ബി.എസ്.സി./ബി.കോം./ബി.പി.എ./ബി.ബി.എ./ബി.സി.എ./ബി.എം.എസ്./ബി.എസ്.ഡബ്ല്യൂ./ബി.വോക്. 2018 അഡ്മിഷൻ – റെഗുലർ, 2015 മുതൽ 2017 വരെ അഡ്മിഷൻ – സപ്ലിമെന്ററി പരീക്ഷകൾക്ക് ഓൺലൈനായി ഫെബ്രുവരി 23 മുതൽ രജിസ്റ്റർ ചെയ്യാം. പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 2 വരെയും 150 രൂപ പിഴയോടെ മാർച്ച് 5 വരെയും 400 രൂപ പിഴയോടെ മാർച്ച് 8 വരെയും ഓൺലൈനായി രജിസ്റ്റർ ചെയ്യാം. വിശദമായ ടൈംടേബിൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

കേരളസർവകലാശാല മാർച്ച് 30 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ബി.എസ്.സി./ബി.കോം. ഡിഗ്രി (റെഗുലർ 2018 അഡ്മിഷൻ, സപ്ലിമെന്ററി 2015, 2016, 2017 അഡ്മിഷൻ) മാർച്ച് 2021 പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 2 വരെയും 150 രൂപ പിഴയോടെ മാർച്ച് 5 വരെയും 400 രൂപ പിഴയോടെ മാർച്ച് 8 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരളസർവകലാശാല 2019 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.കോം. (2005 സ്കീം), എം.എ. ഇക്കണോമിക്സ് (2013, 2005 സ്കീം), പബ്ലിക് അഡ്മിനിസ്ട്രേഷൻ (2001 സ്കീം), എം.എസ്.സി. സുവോളജി (2013 സ്കീം) മേഴ്സിചാൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## "ഗീതാഞ്ജലി" ചിത്രപ്രദർശനം മാർച്ച് 3 വരെ തുടരും

ടാഗോർ നികേതൻ റീഡിംഗ് കോർണർ ഉദ്ഘാടനത്തോടനുബന്ധിച്ച് "ഗീതാഞ്ജലി"യെ ആസ്പദമാക്കി കേരളസർവകലാശാല ലൈബ്രറിയിൽ നടക്കുന്ന കെ.ജയകുമാർ രചിച്ച ചിത്രങ്ങളുടെ പ്രദർശനം മാർച്ച് 3 വരെ തുടരുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

തിരുവനന്തപുരം.
23.02.2021

E-mail:ku.release@gmail.com website: www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**